"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ തുറയൂർ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. സഞ്ജയൻ പി.പി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ എ (ഇകെഎം) 1537/2023 നമ്പർ കേസിലെ അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2522/2023/LSGD തീയതി,തിരുവനന്തപുരം, 19-12-2023

പരാമർശം:-

1. 14.11.2017ലെ ഇ5-38675/17 നമ്പർ കരട് സീനിയോറിറ്റി പട്ടിക
2. പഞ്ചായത്ത് ഡയറക്ടറുടെ 23/05/2018 തിയ്യതിയിലെ ഇ5 - 38675/17 നമ്പർ ഉത്തരവ്
3. പഞ്ചായത്ത് ഡയറക്ടറുടെ 22.08.2022ലെ PAN/4494/2020-E4(DP) നമ്പർ നടപടി ക്രമം
4. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ എ (ഇകെഎം) 1537/2023 നമ്പർ കേസിലെ 15.09.2023ലെ അന്തിമ ഉത്തരവ്
5. ശ്രീ. സഞ്ജയൻ പി.പി സമർപ്പിച്ച 24.09.2022ലെ അപ്പീൽ അപേക്ഷ (അനക്ഷർ എ7)
6. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.08.2023ലെ LSGD/PD/1567/2023-GEA3 നമ്പർ കത്ത്

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ തുറയൂർ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ശ്രീ. സഞ്ജയൻ.പി.പി-യുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി പുന:ക്രമീകരിച്ച് ലഭ്യമാക്കുന്നതിനുള്ള ടിയാന്റ അപേക്ഷ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ നിരസിച്ചതിനെ ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ടിബ്യൂണലിൽ ഫയൽ ചെയ്ത OA(EKM) No 1537/2023 നമ്പർ കേസിന്മേലുള്ള പരാമർശം (4) പ്രകാരമുള്ള വിധിന്യായത്തിൽ പരാമർശം (5) പ്രകാരമുള്ള ടിയാളുടെ അനക്ഷർ എ7 അപ്പീൽ അപേക്ഷ പരിശോധിച്ച് 3 മാസത്തിനുള്ളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവായിരുന്നു.

2. ശ്രീ. സഞ്ജയൻ.പി.പി 14/01/2010-ൽ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി.ക്ലാർക്കായി ജോലിയിൽ പ്രവേശിച്ചു എന്നും, 2013 ജനുവരിയിൽ പ്രമോഷനാവശ്യമായ ടെസ്റ്റ് യോഗ്യത നേടി 06/07/2013 ന് സീനിയർ ക്ലർക്കായി പ്രമോഷൻ ലഭിച്ചു എന്നും പഞ്ചായത്ത് ഡയറക്ടർ പ്രസിദ്ധീകരിച്ച ക്ലർക്കുമാരുടെ സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ടിയാന്റെ സീനിയോറിറ്റി 839 ആയിരുന്നുവെന്നും പഞ്ചായത്ത് വകുപ്പിൽ 01/01/2009 മുതൽ 31/12/2016 കാലയളവിൽ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനകയറ്റം ലഭിച്ച ഉദ്യോഗസ്ഥരുടെ സീനിയോറിറ്റിയുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽ ടിയാളുടെ സ്ഥാനം 2312 ആയിമാറിയെന്നും, എന്നാൽ ഫീഡർ കാറ്റഗറി സീനിയോറിറ്റിയുടെയും,

ടെസ്റ്റ് യോഗ്യതയുടെയും അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നമ്പർ 2032 ആയി ഉൾപ്പടേണ്ടതായിരുന്നു എന്നും പരാമർശം (2) ഉത്തരവ് പ്രകാരം പ്രസിദ്ധികരിച്ച സീനിയോറിറ്റി പട്ടികയിലെ അപാകത കാരണം യഥാസമയം ടെസ്റ്റ് നേടിയിട്ടും ഫീഡർ കാറ്റഗറി സീനിയോറിറ്റി പ്രകാരം ടിയാന് ശേഷമുള്ള 280 പേർ സീനിയോറിറ്റി പട്ടികയിൽ ടിയാന് മുമ്പിൽ അനർഹമായി ഇടംപിടിച്ചിട്ടുണ്ട് എന്നും ആയതിനാൽ സീനിയോറിറ്റി പട്ടികയിൽ ടിയാന് അർഹതപ്പെട്ട സ്ഥാനം പുനഃക്രമീകരിച്ച് നൽ കുന്നതിന് 2019 ൽ ടിയാൻ അപേക്ഷ സമർപ്പിച്ചതായും എന്നാൽ അപ്പീൽ പരാതി സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിന് മതിയായ കാരണം ബോധിപ്പിക്കാത്തതിനാൽ ടിയാന്റെ അപേക്ഷ നിരസിക്കുകയാണുണ്ടായതെന്നും ആയതിനാൽ സീനിയോറിറ്റി പട്ടികയിൽ അർഹതപ്പെട്ട സ്ഥാനം പുനഃക്രമീകരിച്ച് കിട്ടുന്നതിന് നടപടി സ്വീകരിക്കണമെന്നതാണ് പരാമർശം (5) പ്രകാരമുള്ള ശ്രീ. സഞ്ജയൻ.പിപി-യുടെ അപ്പീൽ അപേക്ഷയിലെ ആവശ്യം.

3. പഞ്ചായത്ത് വകപ്പിൽ 01.01.2009 മുതൽ 31.12.2016 വരെയുള്ള കാലയളവിൽ സീനിയർ ക്ളാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥരുടെ കരട് സീനിയോറിറ്റി പട്ടിക പരാമർശം (1) പ്രകാരം പ്രസിദ്ധീകരിക്കുകയും കരട് പട്ടിക സംബന്ധിച്ച് ആക്ഷേപം ഉണ്ടെങ്കിൽ ആയത് 15 ദിവസത്തിനകം സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു എന്നും കരട് സീനിയോറിറ്റി പട്ടിക സംബന്ധിച്ച് ലഭ്യമായ ആക്ഷേപങ്ങൾ പരിഹരിച്ചുകൊണ്ട് പരാമർശം (2) പ്രകാരം സീനിയോറിറ്റി പട്ടിക അന്തിമമാക്കി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ് എന്നും പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ സീനിയോറിറ്റി നമ്പർ 2312 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീ.സഞ്ജയൻ.പി..പി. അന്തിമ സീനിയോറിറ്റി പട്ടിക പുനഃക്രമീകരിക്കണമെന്നാവശ്യപ്പെട്ട് 04.10.2019 ന് ആണ് അപേക്ഷ നൽകിയതെന്നും, കരട് പട്ടിക സംബന്ധിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ ആക്ഷേപം സമർപ്പിക്കാതിരുന്നതിന് മതിയായ കാരണം ബോധിപ്പിക്കുവാൻ സാധിച്ചിട്ടില്ല എന്നതിനാൽ ടിയാനെ നേരിൽ കേട്ട ശേഷം പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (3) ഉത്തരവ് പ്രകാരം നിരസിച്ച് തീർപ്പാക്കിയിട്ടുള്ളതാണ് എന്നും, ടി അപേക്ഷയിൻമേൽ ടിയാനെ 01.04.2020 ന് നേരിൽ കേൾക്കുന്നതിന് തീരുമാനിച്ചിരുന്നെങ്കിലും കോവിഡ് നിയന്ത്രണങ്ങൾ മൂലം ഹിയറിങ്ങ് മാറ്റി വയ്ക്കേണ്ടി വന്നിട്ടുള്ളതിനാൽ 04.10.2019 ൽ സമർപ്പിച്ച അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുവാൻ കാലതാമസം ഉണ്ടായിയെന്നും പരാമർശം (6) റിപ്പോർട്ട് പ്രിൻസിപ്പൽ ഡയറക്ടർ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . കെ.എസ് & എസ്എസ്ആർ ചട്ടം27(B) പ്രകാരം സർക്കാരിന്റെ ഏതെങ്കിലും ഉത്തരവോ സർക്കാരിന് കീഴിലുള്ള അതോറിറ്റിയുടെ ഏതെങ്കിലും ഉത്തരവിന്റെയോ കാരണത്താൽ സീനിയോറിറ്റിയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും സംബന്ധിച്ച തർക്കങ്ങൾ ഉണ്ടായാൽ, അത്തരം ഉത്തരവ് പുനഃപരിശോധിക്കുന്നതിനുള്ള പരാതി ആറുമാസത്തിനുള്ളിൽ ബന്ധപ്പെട്ട ജീവനക്കാരൻ അപ്പീൽ അതോറിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. അപ്പീൽ അപേക്ഷ സമർപ്പിക്കുന്നതിനുണ്ടായ കാലതാമസം കണക്കിലെടുത്താണ് ശ്രീ. സഞ്ജയൻ.പിയപി-യുടെ അപ്പീൽ അപേക്ഷ നിരസിച്ചത് എന്നിരുന്നാലും 06/07/2013 ന് സീനിയർ ക്ലാർക്കായി പ്രമോഷൻ ലഭിച്ച ശ്രീ. സഞ്ജയൻ പി.പി-യുടെ സീനിയോറിറ്റി 839 ആയിരുന്നത്, പരാമർശം(2) ഉത്തരവ് പ്രകാരം 2312 ആയത് സംബന്ധിച്ച് വ്യക്തമായ കാരണം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടില്ല. . ഈ സാഹചര്യത്തിൽ അന്തിമ സീനിയോറിറ്റി പട്ടിക പുനഃക്രമീകരിക്കണമെന്നാവശ്യപ്പെട്ട് ആക്ഷേപം സമർപ്പിക്കുന്നതിനുണ്ടായ കാലതാമസത്തിന് വ്യക്തമായ കാരണം ബോധിപ്പിച്ച് മാപ്പപേക്ഷ സമർപ്പിക്കുവാൻ അപ്പീൽ അപേക്ഷകനായ ശ്രീ.സഞ്ജയൻ. പി .പി ക്ക് നിർദ്ദേശം നൽകിയും, ടിയാന്റെ മാപ്പപേക്ഷ ഹർജ്ജി പരിഗണിച്ച് സീനിയോറിറ്റി പുനഃസ്ഥാപിക്കുന്ന വിഷയം പുനഃപരിശോധിക്കുവാനും അർഹതയുള്ള പക്ഷം സാമ്പത്തിക ബാധ്യതയുണ്ടാകാതെ ടിയാളുടെ സീനിയോറിറ്റി പുനഃസ്ഥാപിക്കുന്ന വിഷയം പരിഗണിക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

5. മേൽ പ്രകാരം പരാമർശം (5)പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ

സ.ഉ.(സാധാ) നം.2522/2023/LSGD

ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , കോഴിക്കോട് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.അഡ്വക്കേറ്റ് ജനറൽ , കേരള , എറണാകുളം
4..ശ്രീ.സഞ്ജയൻ പി പി , സീനിയർ ക്ലർക്ക് , ഉറയൂർ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.284/ഇപിഎ1/2022-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 19-12-2023 14:47:55